കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി8)1241/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി8)1241/25 തീയ്യതി: 12/12/2025

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനു പി.കെ	ഡെപ്യൂട്ടി ഡയറക്ടർ	27-10-2025	03-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-10-2025	03-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റെസിയബീവി ജെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
പുഷ്പ .ആർ , അസി.ഓഡിറ്റ് ഓഫീസർ
നസീറാബാനു , അസി.ഓഡിറ്റ് ഓഫീസർ
നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ആൻസി ജോസ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ഷൈജു വർഗ്ഗീസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി യമുന പി ബി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.ലിജി പി.എ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ. വികാസ് വിജയൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ.മിനിമോൾ കെ.ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ.ജയമോൾ വി.ജെ	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)	01-04-2024	06-08-2024
ഡോ. അൻസിലി ഐസക്ക്	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	07-08-2024	31-03-2025
ശ്രീമതി. എലിസബത്ത് സി ജോർജ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ഡോ. സോമോൾ എബ്രഹാം	വെറ്ററിനറി സർജൻ	01-04-2024	26-01-2025
ഡോ. ആഷ എബ്രഹാം	വെറ്റിനറി സർജൻ	27-01-2025	31-03-2025
ശ്രീമതി.സിന്നിയ ഡാനിയേൽ	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി. കൃഷ്ണപ്രിയ എം കെ	വിഇഒ മടക്കത്താനം	01-04-2024	31-10-2024
ശ്രീമതി. സരിത ഇബ്രാഹിം	വിഇഒ മടക്കത്താനം	01-11-2024	18-12-2024
ശ്രീമതി.സുജാത എം യു	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	10-09-2024
ശ്രീമതി. ബിന്ദുരാജ് കെ	അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്)	11-09-2024	24-09-2024
ശ്രീമതി. അഞ്ചു ടി വേണു	അസിസ്റ്റന്റ് സെക്രട്ടറി (In Charge)	25-09-2024	31-03-2025
ശ്രീമതി. ആരിഫ ടി എം	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ആര്യ കുരുവിള	വിഇഒ മടക്കത്താനം	19-12-2024	31-03-2025
ശ്രീമതി സരിത ഇബ്രാഹിം	വിഇഒ മഞ്ഞള്ളൂർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത	1-1-1
3	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ആസ്തി രജിസ്റ്ററിലെ അപാകതകൾ	1-1-3
5	റോഡിതരം സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്	1-1-4
6	സി എഫ് സി ചെലവ് സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് ബാലൻസ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	തൊഴിൽ നികുതി-അപാകതകൾ	1-10
16	IFTE&OS ലൈസൻസ് - അപാകതകൾ	1-11
17	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.	1-12
18	ഐ.കെ.എം വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-13
19	രണ്ട് പ്ളാക്കൽ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-14
20	സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ,& ലൈൻ ഷിഫ്റ്റിങ്ങ്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-15
21	ഘടകസ്ഥാപനങ്ങളിലേക്ക് ജൈവ അജൈവ മാലിന്യ സംസ്ക്കരണോപാധികൾ വിതരണം ചെയ്യൽ-അപാകതകൾ	1-16
22	അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല	1-17
23	എംസിഎഫിലേക്ക് ബെയ്‌ലിംഗ് മെഷിൻ വാങ്ങിയത് സ്ഥാപിച്ചിട്ടില്ല	1-18
24	ബാലസഭ – നടത്തിയതിന്റെ വിവരം ലഭ്യമല്ല	1-19
25	പഠനമുറി നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല	1-20
26	ഹെൽത്ത്ഗ്രാന്റ് വിനിയോഗം	1-21
27	ജൽജീവൻ മിഷൻ-അവലോകനം	1-22
	ഭാഗം 2	

1	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- ₹4,050 യുടെ വരവ് നഷ്ടം.	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് - വിവരശേഖരണം	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-9
10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2025 ലെ 8(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, Recorded In AFS ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024 -25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം
തീയതി: 12.12.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹5966229.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing + Financing + Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹13669280. രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

1-1-4 റോഡിതരം സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹5207277.00 ൽ ₹99579.00 ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് റോഡിതരം സംരക്ഷണഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നും, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

1-1-5 സി എഫ് സി ചെലവ് സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

സി എഫ് സി	ചെലവ്
സിഎഫ് സി ബേസിക്ക് ബാങ്ക്	3102824
സിഎഫ് സി ബേസിക്ക് ട്രഷറി	47626
സിഎഫ് സി ടൈഡ്	849472
ടൈഡ് ട്രഷറി	488117
ആകെ	4488039
സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ്	4513613
വ്യത്യാസം	25574

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്ഥിരം സമിതിയുടെ 29.01.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതിയുടെ 07.02.2024 ലെ 2(1) – നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ഭരണസമിതിയുടെ 05.03.2025 ലെ 1 ാം നമ്പർ തീരുമാനം പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുമുണ്ട്.

ബജറ്റ് എസ്റ്റിമേറ്റ്		റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ്
മുന്നിരുപ്പ്	13597141	13597141
വരവ്	194717293	119362827
ആകെ	208314434	132959968
ചെലവ്	204865400	129551721
നീക്കിയിരുപ്പ്	3449034	3408247

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	22172612
ഓഡിറ്റ് വർഷത്തെ വരവ്	57480380
ആകെ	79652992
ഓഡിറ്റ് വർഷത്തെ ചെലവ്	51514151
നീക്കിയിരുപ്പ്	28138841

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ബാങ്ക് നീക്കിയിരുപ്പ്	ലാപ്സായ തുക
വികസന ഫണ്ട് ജനറൽ	0	11854030	11854030	11612651		241379
വികസന ഫണ്ട് – എസ്.സി.പി	0	3538000	3538000	3193469		344531
വികസന ഫണ്ട് – ടി എസ് പി	0	188970	188970	0		188970
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	22975000	22975000	22193198		781802
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	0	5230000	5230000	5207277		22723
സി.എഫ്.സി – ബേസിക്ക് ബാങ്ക്	3034906	2211220	5246126	3102824	2143302	
സി.എഫ്.സി – ബേസിക്ക് ട്രഷറി	0	47626	47626	47626		0
സി.എഫ്.സി –ടൈഡ്	895509	4340611	5236120	849472	4386648	
സി.എഫ്.സി –ടൈഡ് (ട്രഷറി)	0	894051	894051	488117		405934
നാഷണൽ ഹെൽത്ത് മിഷൻ 320100139	0	630669	630669	630669	0	
കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം 320100196	1687874	1027628	2715502	473177	2242325	
റൂറൽ ഹൗസിംഗ് ഫോർ ആൾ 320100160	42741	2000000	2042741	1000000	1042741	
ടോട്ടൽ സാനിറ്റേഷൻ കാമ്പെയ്ൻ 320100181	345392	5000	350392	0	350392	
ശുചിത്വമിഷൻ 320100198	290559	74850	365409	60000	305409	
പശ്ചിമഘട്ടവികസന പദ്ധതി 320100186	39327	1536	40863	0	40863	
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202	607974	330767	938741	473819	464922	
ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റർ 320100204	379262	526950	906212	166211	740001	
ജലനിധി 320300102	10000	0	10000	0	10000	
ടോട്ടൽ സാനിട്ടേഷൻ 320300103	30213	0	30213	0	30213	
ഹോമിയോ 320200208	45947	0	45947	0	45947	
പ്രത്യേക ഉദ്ദേശ്യഗ്രാന്റ് അദർ പർപ്പസ്- സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് 320200304	442006	0	442006	0	442006	

പ്രത്യേക ഉദ്ദേശ്യഗ്രാന്റ് അദർ ഗവ.ഏജൻസീസ് -ദുരന്ത നിവാരണം 320200399	100000	0	100000	0	100000	

* വികസന ഫണ്ട് ജനറൽ വരവ് - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് ₹1,03,56,785 + ഉത്ഭവത്തിൽ കുറവ് ചെയ്ത് തുക ₹14,97,245/-

*വികസന ഫണ്ട് ജനറൽ ചെലവ്, ₹1,04,69,968/- റവന്യൂ ചെലവും ₹11,42,683/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

* വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹7,345/- ഉൾപ്പെടുന്നുണ്ട്.

* സംരക്ഷണ ഗ്രാന്റ് റോഡിതരം ചെലവ്, ₹51,07,698/- റവന്യൂ ചെലവും ₹99,579/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

* സി.എഫ്.സി.അൺടൈഡ് ഗ്രാന്റ് ചെലവ് ₹31,02,824/- (I-6)

* സി.എഫ്.സി.ടൈഡ് ഗ്രാന്റ് -ചെലവ് - ₹8,49,472 (I-6)

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം	ഭാഗികമായി നടപ്പാക്കിയത്. എണ്ണം	നടപ്പാക്കാത്തവ. എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
231	116004444	58781176	72	91	68	31.16

* ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹1504590/- അടങ്കലിൽ ഉൾപ്പെടുന്നുണ്ട്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	901633	901633	900916*	717
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	8912943	8912943	8912943	0
ആകെ	0	9814576	9813859	9813859	717

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതി യുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	1546000	87
വിധവാപെൻഷൻ	8626200	552
വാർദ്ധക്യകാല പെൻഷൻ	19113800	1239
വികലാംഗപെൻഷൻ	1962100	125
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	460800	28
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

29.10.2025 തീയതിയിൽ വൈകിട്ട് 3.00 Pm മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ₹18,454/- ന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊജക്ട് മുഖേനയുള്ള തനത് ഫണ്ട് ചെലവുകൾ പൂർണ്ണമായും സുലേഖ ചെലവ് രേഖകളിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.നിക്ഷേപ പ്രവ്യത്തികളുടെ പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്.കുടിവെള്ള വിതരണ പ്രോജക്റ്റ് നടപ്പാക്കുമ്പോൾ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. പ്രോജക്റ്റിന്റെ നിർവ്വഹണം മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ തുടർച്ചയായുള്ള വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സുതാര്യത ഉറപ്പുവരുത്തേണ്ടതുമാണ്. തെരുവ് വിളക്ക് മെയിന്റനൻസ് പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ വാറന്റി കാലാവധി പരിശോധിക്കേണ്ടതും തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, കാലാവധി , പോസ്റ്റ് നം. എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി-അപാകതകൾ

1.സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിൽ ഇല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/01.11.2025) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. കരാറുകാരുടേയും, പ്രൊഫഷണലുകളുടേയും തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(i), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 2024-25 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 49 മരാമത്ത് പ്രവ്യത്തികൾ കരാർ നൽകിയിട്ടുണ്ട്. മരാമത്ത് പ്രവ്യത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. കൂടാതെ, ആർക്കിടെക്ട്, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/01.11.2025) മറുപടി ലഭിച്ചില്ല. ആയതിനാൽ ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവ്യത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും, ആർക്കിടെക്ട്, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഈടാക്കത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	ശക്തി ഓട്ടോ മൊബൈൽസ്	2

2	റിവർ തെരേസ് റിസോർട്ട് & സ്പാ	2
3	ചോറിയം തടത്തിൽ ഡ്രഗ് ഹൗസ്	2
4	റബ്ബർ പോയിന്റ്, വാഴക്കുളം	2
5	റാഡ് ഇൻഡ്യ ഫാഷൻസ്, വാഴക്കുളം	1
6	കരീതടം മെഡിക്കൽസ്	2
7	ഗോൾഡൻ സ്വോമിൽ	1
8	ജെവിസി ഓട്ടോമൊബൈൽസ്	2
9	ക്രിസ്റ്റ് ഫുഡ് പ്രൊക്ട്സ്	2
10	ഹോം ഗ്രൗൺ നഴ്സറി	1,2
11	വിജയ ബ്രിക്ക്സ്	1,2

പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം വിശദീകരണ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/01.11.2025) മറുപടിയോ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിന്റ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- വരവ് നഷ്ടം

സ.ഉ(സാധാ)നം.1149/2024/ധന തീയതി : 27.06.2024 പ്രകാരം പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തൊഴിൽനികുതി സ്ലാബുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ഈടാക്കിയ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതിയിൽ പരിഷ്കരിച്ച ഉത്തരവ് പ്രകാരം തൊഴിൽ നികുതി ഈടാക്കാത്തതിനാൽ ₹4,050 യുടെ നഷ്ടം സംഭവിച്ചിട്ടുള്ളതാണ്. വിശദ വിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തുന്നു.

1-11 IFTE&OS ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2024-25 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് ഇല്ല.

1996- ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസ് എടുക്കുന്നവരുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിക്കുന്നത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഓഡിറ്റിനും ഇത് ഉറപ്പാക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയതായി ആരംഭിക്കുന്നവയെ കൂട്ടിച്ചേർത്തും അതൊരു മാസ്റ്റർ ലിസ്റ്റ് ആക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

2. മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ലൈസൻസ് അനുവദിക്കേണ്ടതാണ്.

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ,

ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരണം ആവശ്യപ്പെട്ട് 03.11.2025 ൽ നൽകിയ 21-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിലഭ്യമാക്കിയില്ല. ലൈസൻസ് അനുവദിക്കുമ്പോൾ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3. ലൈസൻസ് രജിസ്റ്ററിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിൽ ലൈസൻസ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 2024-25 വർഷത്തെ ഡി സി ബി (ഡിമാന്റ് കളക്ഷൻ ബാലൻസ്) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഡിമാന്റ് (ഐ.4)	കളക്ഷൻ		ബാലൻസ് (ബി.15)
4,24,000	മുൻകൂർ തുക 2023-24 ൽ ബാലൻസ് നിൽക്കുന്നത് (ബി 9)	2,95,000	0
	തൻ വർഷം ലഭ്യമായത് (ആർ.പി 45)	2,40,000	
4,24,000		5,35,000	ഇല്ല

തൻ വർഷം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ 444 ലൈസൻസുകളുടെ ഫീസ് തുകകൾ കൂട്ടിയാൽ ലഭ്യമാകുന്ന ആകെ തുക ₹4,46,000/- യാണ്. ആയത് മേൽ പട്ടികയിലെ വിവരങ്ങളുമായോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതുമായ ഡി.സി.ബി. വിവരങ്ങളുമായോ പൊരുത്തപ്പെടുന്നില്ല. തുകകൾ തമ്മിൽ ₹89,000/- യുടെ വ്യത്യാസമാണുള്ളത്. ഈ തുക മുൻകൂർ ഇനത്തിൽ ലഭ്യമായ തുകയാണൊ എന്ന വിവരം വ്യക്തമല്ല. ആയതിനാൽ ഒന്നോ ഒന്നിൽ അധികമോ വർഷത്തേക്കായി ലൈസൻസ് എടുത്തിട്ടുള്ള അപേക്ഷകൾ സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (അന്വേഷണകുറിപ്പ് നം. 21/03.11.2025) മറുപടിയോ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. കൂടാതെ തൻവർഷ മുൻകൂർ ഇനത്തിലെ വിവരങ്ങൾ സംബന്ധിച്ച് ലെഡ്ജർ(ബി 9 ഷെഡ്യൂൾ) പരിശോധിച്ചതിൽ ₹2,02,000/- ആണ് ജേർണൽ വൗച്ചർ മുഖാന്തിരം ഡെബിറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ 2025-26 ലേക്കായി ലഭ്യമായ മുൻകൂർ വരവ് ഉൾപ്പടെ ആകെ തുക ₹3,32,000/- യാണ് നീക്കിയിരിപ്പായി പ്രസ്തുത ഷെഡ്യൂളിൽ 31.03.2025 ൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്. എന്നാൽ ഈ കണക്കുകളുടെ കൃത്യതയും രജിസ്റ്റർ പ്രകാരമുള്ള തുകകളുടെ കണക്കുകളുടെ കൃത്യതയും ഉറപ്പാക്കാൻ സാധിക്കുന്നില്ല. 31.03.2025 തീയതിയിൽ ലഭ്യമായ ആകെ ലൈസൻസ് ഫീസ് തുക (₹4,24,000) അക്രൂവൽ ഡിമാന്റ് എൻട്രിയായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഇനത്തിലുള്ള വരവ് തൻവർഷ വരവായി കണക്കാക്കുന്ന തുകയിൽ ഉൾപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാൻ സാധിക്കുന്നില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും ലൈസൻസ് ഇനത്തിൽ ലഭ്യമാകുന്ന വരവ് തുകകളുടെ കൃത്യത ഉറപ്പാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരുസ്ഥാപനവും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. ആയതിന്റെ തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 01.11.2025-ൽ നൽകിയ 17-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് ഗ്രാമപഞ്ചായത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 ഐ.കെ.എം വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ	2/25 (New)
പ്രൊജക്ടിന്റെ പേര്	ഐ.കെ.എം വിഹിതം നല്കൽ
അടങ്കൽ	50000/-(വികസനഫണ്ട്.) 25000 (തനത് ഫണ്ട്)
ചെലവ്	1) 50000/- 2) 9236/-
ബിൽനം.&തീയതി	1)111/29-8-24 2) 22400843/7.9.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, പഞ്ചായത്ത്

ഐ.കെ.എം വിഹിതം നല്കൽ എന്ന പ്രോജക്ട് പ്രകാരം മേൽ ബിൽപ്രകാരം 59236/- രൂപ ഐ.കെ.എം വിഹിതം ആയി നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 13/31-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ ₹59236/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 രണ്ട് പ്ളാക്കൽ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ	126/25 (New)
പ്രൊജക്ടിന്റെ പേര്	രണ്ട് പ്ളാക്കൽ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ സ്ഥാപിക്കൽ
അടങ്കൽ	₹1000000/- (500000- തനത് ഫണ്ട്, 500000- ധ.ക.ഗ്രാന്റ്)
ചെലവ്	₹1000000/-
ബിൽനം.&തീയതി	1)₹500000/-, 288/24-1-25 2)₹500000/-, വൗച്ചർ നം. 224001002/6-3-25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, പഞ്ചായത്ത്

രണ്ട് പ്ളാക്കൽ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രൊജക്ട് പ്രകാരം മേൽ ബിൽ പ്രകാരം ₹1000000/- കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട്

നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/31-10-25) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ഈ പ്രൊജക്ടിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയായ ₹1000000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ,& ലൈൻ ഷിഫ്റ്റിങ്ങ്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ	103/25 (New)
പ്രൊജക്ടിന്റെ പേര്	സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ, ലൈൻ ഷിഫ്റ്റിങ്ങ്
അടങ്കൽ	₹1000000/- (ധ.ക.ഗ്രാന്റ്)
ചെലവ്	₹999958/-
ബിൽനം.&തീയതി	1)₹822490/-, 261/1-2-25 2)₹177468/-, 425/19-3-25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, പഞ്ചായത്ത്

സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ & ലൈൻ ഷിഫ്റ്റിങ്ങ് എന്ന പ്രോജക്ട് പ്രകാരം മേൽ ബിൽപ്രകാരം ₹999958/- ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/31-10-25) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ഈ പ്രോജക്ടിനായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയായ ₹999958/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 ഘടകസ്ഥാപനങ്ങളിലേക്ക് ജൈവ അജൈവ മാലിന്യ സംസ്കരണോപാധികൾ വിതരണം ചെയ്യൽ-അപാകതകൾ

പ്രോജക്ട് നം.&പേര്	101/25 (New), ഘടകസ്ഥാപനങ്ങളിലേക്ക് ജൈവ അജൈവ മാലിന്യ സംസ്കരണോപാധികൾ വിതരണം ചെയ്യൽ
അടങ്കൽ	₹294051/- (ധ.ക.ഗ്രാന്റ്)
ചെലവ്	₹59500/-
ബിൽ നം&തീയതി	484/26-3-25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, പഞ്ചായത്ത്

ഘടകസ്ഥാപനങ്ങളിലേക്ക് ജൈവ അജൈവ മാലിന്യ സംസ്കരണോപാധികൾ വിതരണം ചെയ്യൽ എന്ന പ്രോജക്ട് പ്രകാരം മേൽ ബിൽ പ്രകാരം ജെം പോർട്ടൽ മുഖേന " Agro Flame Industries Pvt Ltd" കുമ്പഴ, പാവുമ്പ പി.ഒ, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 25 ബിന്നുകൾ വാങ്ങിയിട്ടുണ്ട്. (₹2380/- നിരക്കിൽ). എന്നാൽ ഫയൽ പരിശോധിച്ചതിൽ 16 അങ്കണവാടികൾ, വെറ്ററിനറി ആശുപത്രി, ആയുർവ്വേദ ആശുപത്രി എന്നിവർക്കായി യഥാക്രമം 16, 1, 1 എന്നിങ്ങനെ ആകെ 18 ബിന്നുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാലൻസ് 7 ബിന്നുകൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/31-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി 7 ബിന്നുകളുടെ വിതരണ വിവരം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ 7 ബിന്നുകളുടെ വിലയായ ₹16660/-(7x2380) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

പ്രോജക്ട് നം, പേര്	എസ് 64/25, അങ്കണവാടി പോഷകാഹാരം
അടങ്കൽ	₹1700000/- 1. ₹200000/- (വികസന ഫണ്ട്- പൊതു വിഭാഗം) 2. ₹500000/- (വികസന ഫണ്ട്- ധനകാര്യഫണ്ട്)

	3. ₹1000000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	₹1148729/- 1. ₹190014/- (വികസന ഫണ്ട്- പൊതു വിഭാഗം) 2. ₹485538- (വികസന ഫണ്ട്- ധനകാര്യഫണ്ട്) 3. ₹473177/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിൽ (64/25) മൃദുല ഫുഡ് പ്രോഡക്ട്സ്, അമൃതം ഫുഡ് സപ്ലിമെന്റ്, കടാതി, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം അമൃതം ഫുഡ് 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുണ്ട്.

ക്രമ നം	ഉത്പന്നം	ഇൻവോയ്സ് നം.	തീയതി	നികുതി ഒഴികെയുള്ള തുക
1	അമൃതം ഫുഡ്	90	11.09.24	35280
2	അമൃതം ഫുഡ്	100	23.10.24	37170
3	അമൃതം ഫുഡ്	110	21.11.24	27930
4	അമൃതം ഫുഡ്	121	21.12.24	35700
5	അമൃതം ഫുഡ്	147	22.02.25	32340
6	അമൃതം ഫുഡ്	132	21.01.25	36960
7	അമൃതം ഫുഡ്	23	08.05.24	39900
8	അമൃതം	54	28.06.24	37800
9	അമൃതം	64	08.038.24	39480
10	അമൃതം	12	27.03.24	42000

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017-ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് ഉൽപ്പന്നം വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/30.10.2025 ന് നൽകിയ മറുപടിയിൽ സെൻട്രൽ ജി.എസ്.ടി & സെൻട്രൽ എക്സൈസ് പ്രിൻസിപ്പൽ കമ്മീഷണറുടെ 2.11.21 DIN-20211058T1000021262E നം കത്ത് ആണ് ടി.ഡി.എസ് ഈടാക്കാത്തതിന് ചൂണ്ടികാണിച്ചത്. എന്നാൽ മേൽ കത്ത് പ്രകാരം അങ്കണവാടിയിൽ നൽകുന്ന സേവനങ്ങൾക്ക് മാത്രമാണ് നികുതി ഒഴിവ് സാധ്യമാകൂ എന്നും ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തുമ്പോൾ നികുതി ഒഴിവ് സംബന്ധിച്ച് ജി.എസ്.ടി കൗൺസിൽ പ്രത്യേക തീരുമാനം എടുക്കുമെന്നാണ്. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-18 എംസിഎഫിലേക്ക് ബെയ്ലിംഗ് മെഷിൻ വാങ്ങിയത് സ്ഥാപിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	എംസിഎഫിലേക്ക് ബെയിലിംഗ് മെഷിൻ വാങ്ങൾ, 265/2025 (New) സ്പിൽ ഓവർ
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	₹177000/- ധനകാര്യ കമ്മീഷൻ അവാർഡ് ₹413000/- കേന്ദ്രാവിഷ്കൃത ഫണ്ട് ആകെ – ₹590000/-
ചെലവ്	₹177000/- ധനകാര്യ കമ്മീഷൻ അവാർഡ്

	₹342899/- കേന്ദ്രാവിഷ്കൃത ഫണ്ട് ആകെ – ₹519899/-
ബിൽ നമ്പർ & തീയതി	343/25.02.2025 – ₹177000/- 664/25.03.2025- ₹342899/-

സോളിഡ് വേയ്സ്റ്റ് മാനേജ് മെന്റിന്റെ ഭാഗമായി എം സി എഫിലേക്ക് ഹൈഡ്രോളിക് പ്ലാസ്റ്റിക്ക് ബെയിലിംഗ് മെഷിൻ സ്ഥാപിക്കുവാനും, 10 എണ്ണം ഹൈഡ്രോളിക് ഓയിൽ വാങ്ങുവനും ലക്ഷ്യമിട്ടു നടപ്പിലാക്കിയ പദ്ധതിയിൽ ആർ ജെ എന്റർപ്രൈസസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ബെയിലിംഗ് മെഷിൻ, ഹൈഡ്രോളിക് ഓയിൽ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ബെയിലിംഗ് മെഷിൻ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 6/30.10.2025 ലഭ്യമാക്കിയ മറുപടിയിൽ ബെയിലിംഗ് മെഷിൻ സ്ഥാപിക്കുവാൻ വേണ്ട ഇലക്ട്രിക്ക് സജ്ജീകരണങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാലാണ് ബെയിലിംഗ് മെഷിൻ സ്ഥാപിക്കാതെ വന്നതെന്നും ആയതിനായി 2025-26 ൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

ബെയിലിംഗ് മെഷിൻ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക ₹519899/- തടസ്സപ്പെടുത്തുന്നു

1-19 ബാലസഭ – നടത്തിയതിന്റെ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ	ബാലസഭ (സ്പിൽ ഓവർ) (145/2025)
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	₹25000/- വികസന ഫണ്ട് ജനറൽ
ചെലവ്	₹25000/- വികസന ഫണ്ട് ജനറൽ
ബിൽ നമ്പർ & തീയതി	05/.09.05.2024

ബാലസഭ പ്രവർത്തനങ്ങൾക്കായി സിഡിഎസ് ചെയർപേഴ്സന്റെ 10601010660 ബാങ്ക് അക്കൗണ്ടിലേക്ക് ₹25000/- കൈമാറിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് നടത്തിയ ബാലസഭ പ്രവർത്തനങ്ങളുടെ വിവരം ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു 2/30.10.2025 ലഭ്യമാക്കിയിട്ടില്ല.

ടി തുക ഉപയോഗിച്ച് നടത്തിയ ബാലസഭ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹25000/- തടസ്സപ്പെടുത്തുന്നു.

1-20 പഠനമുറി നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം, പട്ടികജാതി - 162/2025 (സ്പിൽ ഓവർ)
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	₹3,00,000/- 1) ₹270000/- (വികസന ഫണ്ട് എസ്.സി.പി) 2) ₹30,000/- (മറ്റു ഫണ്ടുകൾ)
ചെലവ്	₹225000/- (വികസന ഫണ്ട് – എസ്.സി.പി)
ബിൽ നമ്പർ & തീയതി	65/17.07.2024- ₹75000/- 142/09.09.2024 – ₹150000/-

മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുവാൻ വേണ്ടി പദ്ധതി നടപ്പിലാക്കിയതിൽ രണ്ട് ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചിട്ടുണ്ട്. കാശിനാഗ് ബിജു എന്ന ഗുണഭോക്താവിന് ആദ്യ, രണ്ടാം ഗഡുക്കൾ യഥാക്രമം ₹75000/-, ₹50000/- എന്നിവ അനുവദിച്ചിട്ടുണ്ട് എന്നാൽ പഠനമുറി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

പഠനമുറി നിർമ്മിക്കാൻ വേണ്ടി ഗുണഭോക്താവുമായി കരാരിലേർപ്പെട്ടിട്ടില്ല. 21-09-2023 ലെ സ.ഉ.(സാധാ) നം.1877/2023/LSGD ൽ -"പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചതിനു ശേഷം ₹30,000/- മുൻകൂറായി നൽകാം. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ₹60,000/- (ബേസ്മെന്റ് പൂർത്തിയാക്കുമ്പോൾ], ₹80,000 (മേൽക്കൂര പൂർത്തിയാക്കുമ്പോൾ), ₹30,000/- (പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് എന്നിവ പൂർത്തിയാക്കുമ്പോൾ) എന്നിങ്ങനെ തുടർന്നുള്ള 3 ഗഡുക്കൾ അനുവദിക്കാം. പട്ടികജാതി, പട്ടിക വർഗ്ഗം എന്നീ വകുപ്പുകളിൾ നിന്നും നൽകുന്നതുപോലെ ആകെ നാല് ഗഡുക്കളായി തുക നൽകുന്നത് ഏകീകരിക്കുന്നു" – എന്ന് കരാർ ഒപ്പ് വെക്കേണ്ടത് സംബന്ധിച്ചും, അനുവദിച്ച നൽകേണ്ട ഗഡുക്കൾ സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. മേൽഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു 3/30.10.2025 മറുപടി ലഭ്യമാക്കിയിട്ടില്ല.

കാശിനാഗ് ബിജുവിന്റെ പഠനമുറി നിർമ്മാണത്തിന്റെ പുരോഗതി മോണിറ്റർ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുവാൻ താത്പര്യപ്പെടുന്നു

1-21 ഹെൽത്ത്ഗ്രാന്റ് വിനിയോഗം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ടു സ്കീമുകളിലായിട്ടാണ് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

ക്രമ. നം.	സ്കീം	21-22 (₹)	22-23 (₹)	23-24 (₹)	24-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി.		210707	758751	330767
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-
4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	0	0	*0*	*526950*

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

ക്രമ. നം.	സ്കീം	21-22 (₹	22-23 (₹)	23-24 (₹)	24-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി	-	-	-	-

	പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (I) സബ് സെന്റേഴ്സ്				
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി.	-	80789	280695	473819
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-
4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	*0*	*31715*	166211

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

പ്രോജക്ട്	ചെലവ്		
	2022-23	2023-24	2024-25
സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി.			
രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ	80789	280695	473819
കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.			
കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	*0*	*40884*	166211

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി.(320100202) SBI A/C No.40859251314	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) SBI A/C No.40859250536
മുന്നിരുപ്പ്	607974	379262
വരവ് (പലിശ ഉൾപ്പെടെ)	330767 (പലിശ ഉൾപ്പെടെ)	526950(പലിശ ഉൾപ്പെടെ)
ആകെ	938741	906212
ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ)	473819	166211
നീക്കിയിരുപ്പ്	464922	740001

1-22 ജൽജീവൻ മിഷൻ-അവലോകനം

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.
കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും തുക കൈമാറിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും റിക്വസിഷൻ ലഭിച്ചിട്ടില്ലാത്തതിനാലാണ് തുക കൈമാറിയിട്ടില്ലാത്തത് എന്ന് അറിയിച്ചു.

ഭാഗം -2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- ₹4,050 യുടെ വരവ് നഷ്ടം.

സ.ഉ(സാധാ)നം.1149/2024/ധന തീയതി : 27.06.2024 പ്രകാരം പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തൊഴിൽനികുതി സ്ലാബുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. എന്നാൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച 2024 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് പ്രസ്തുത ഉത്തരവിലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല.

സ്ഥാപനത്തിന്റെ പേര്	ജീവനക്കാരന്റെ പേര്	വരുമാനം (₹)	ഈടാക്കിയ നികുതി (₹)	ഈടാക്കേണ്ട നികുതി (₹)	ഈടാക്കിയതിൽ കുറവ് (₹)
മൈക്രോ ടൂളിംഗ്,മടക്കത്തറ	സായൂജ് സി പി	50700	450	750	300
	അതുൽ കെ ഷാജി	52500	450	750	300
	ജിജി സാബു	67000	600	750	150
സൂപ്പർടെക്ക് ടൂൾസ് & കംപോണന്റ്സ്	സുനിൽ കുമാർ വി	70,000	600	750	150
	അജയകുമാർ കെ കെ	63267	600	750	150
	സുദീപ് പി എസ്	63155	600	750	150
	സിനോഷ് കൃഷ്ണൻ	66162	600	750	150
	ദിവ്യ റ്റി എസ്	60579	600	750	150
	രെഞ്ചിനി സോജൻ	60234	600	750	150
	ഷിജി	60985	600	750	150

	അജയ്കുമാർ				
	സിനി മനോജ്	62202	600	750	150
	സൽമ യൂസഫ്	60434	600	750	150
	സിന്ദു കെ എൻ	58199	450	750	300
	സൗമ്യ ജോസ്	64281	600	750	150
ഗോൾഡൻ സ്വോമിൽ	ജോർജ്	69850	600	750	150
	സാഷി	61800	600	750	150
	മുൻഷിദ്	62100	600	750	150
	മാഹിൻ	62100	600	750	150
നമ്പ്യാപറമ്പിൽ ഡെന്റൽ ക്ലിനിക്	ഷൈനി ബിജു	45000	300	750	450
	ധന്യ സജി	45000	300	750	450
ആകെ					4050

മേൽ പട്ടികയിൽ വിവരിച്ച ജിവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 01.11.2025 ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ വരവ് ഇനത്തിൽ നഷ്ടം വന്നിട്ടുള്ളതുകയായ ₹4,050/- ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ഓഡിറ്റിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് - വിവരശേഖരണം

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/ അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
16	87500	81000	6500	3/2025 മാസത്തെ പ്രീമിയം 04/2025 ൽ ഒടുക്കിയിട്ടുണ്ട്

2.മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച	മെഡിസെപ്പ് പ്രീമിയം	മെഡിസെപ്പ് പ്രീമിയം	ഒടുക്കാൻ ബാക്കി	റിമാർക്ക്സ്

	മാസം	ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല.					

3.മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ) സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

4.മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

5.മെഡിസെപ് പ്രീമിയം ഒടുക്ക് (ഗ്രാമപഞ്ചായത്തിലെ റെഗുലർ പെൻഷൻ ഗുണഭോക്താക്കൾ)
ഇല്ല.
6.മെഡിസെപ് പ്രീമിയം ഒടുക്ക് (നഗരസഭയിലെ കണ്ടിജൻറ് പെൻഷൻ ഗുണഭോക്താക്കൾ)-
ഇല്ല.

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-3 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	400000	സീതപ്പടി തെക്കുമല റോഡ് മെയിന്റനൻസ്(179/25)	400000	0

ബ്ലോക്ക് പഞ്ചായത്ത്	2024-25	300000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (93/25)	300000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	187500	എസ് സി കുട്ടികൾക്ക് വിജയഭേരി സ്കോളർഷിപ്പ് (24/25)	187500	
ബ്ലോക്ക് പഞ്ചായത്ത്	2024-25	125000	പാലിന് സബ്സിഡി (125/25)	125000	
ബ്ലോക്ക് പഞ്ചായത്ത്	2024-25	80000	നെൽകൃഷിക്ക് കൂലിചെലവ് (65/25)	80000	
ആകെ		1092500		1092500	
ജില്ലാ പഞ്ചായത്ത്	2024-25	100,000	ലൈഫ് ഭവനനിർമ്മാണം എസ്.സി (141/25)	100000	0
ജില്ലാ പഞ്ചായത്ത്	2024-25	240,000	ലൈഫ് ഭവനനിർമ്മാണം ജനറൽ (90/25)	240000	0
ജില്ലാ പഞ്ചായത്ത്	2024-25	50000	കാരുണ്യ സ്പർശം (144/25)	50000	0
ജില്ലാ പഞ്ചായത്ത്	2024-25	15000	പ്രാഥമിക വിള ആരോഗ്യ കേന്ദ്രം മരുന്നു വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും(74/25)	15000	0
ജില്ലാ പഞ്ചായത്ത്	2024-25	175000	നെൽകൃഷിക്ക് കൂലിചെലവ് (65/25)	175000	0
ജില്ലാ പഞ്ചായത്ത്	2024-25	60000	പാലിന് സബ്സിഡി (125/25)	60000	
ജില്ലാ പഞ്ചായത്ത്	2024-25	100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (93/25)	100000	0
ജില്ലാ പഞ്ചായത്ത്	2024-25	300000	എസ് സി കുട്ടികൾക്ക് വിജയഭേരി സ്കോളർഷിപ്പ് (24/25)	300000	0
ആകെ		1040000		1040000	

4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

പ്രോജക്ട് നം.	പ്രവൃത്തിയുടെ പേര്	നിർവ്വഹണ ഏജൻസി	അടങ്കൽ,	മുൻകൂർ നൽകിയ തുക	ബിൽ നമ്പർ/ തീയതി	ചെലവഴിക്കാൻ ബാക്കിയുള്ള തുക
126/25	രണ്ട് പ്ളാക്കൽ കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി	1000000/- (500000/- - തനത് ഫണ്ട്, 500000- ധ.ക.ഗ്രാന്റ്))	1000000/-	1)500000/-, 288/24-1-25 2)500000/-, വൗച്ചർ നം. 224001002/ 6-3-25	1000000/-
103/25	സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ, ലൈൻ ഷിഫ്റ്റിങ്ങ്	കേരള വാട്ടർ അതോറിറ്റി	1000000/- (ധ.ക.ഗ്രാന്റ്)	999958/-	1)822490/-, 261/1-2-25 2)177468/-, 425/19-3-25	999958/-
ആകെ				1999958		1999958

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ / വായ്പ തിരിച്ചടവ്

ഹെഡ്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം ലഭിച്ച തുക	ആകെ	തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
KURDFC	4366774	220000	4586774	803790	0	3782984
HUDCO	0	2092460	2092460	0	-	2092460

തിരിച്ചടവിന്റെ വിവരം		
ജി.ഒ.പ്രോജക്റ്റ് നമ്പർ	ജി.ഒ.പ്രോജക്റ്റ്	തുക
297/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ)	394671
296/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ)	401774
298/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.)	7345
ആകെ		803790

4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99	13	2003-04	14	വനിത വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത് അധിക ചെലവ് ₹66,130/-	പഞ്ചായത്തിന് നഷ്ടം സംഭവിച്ച ₹66,130/- റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട്
2014-15	2(1)	2016-17	2(1) അനുബന്ധം4	തൊഴിൽനികുതി ഈടാക്കിയില്ല	തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്
2015-16	2(1)	2016-17	2(1) അനുബന്ധം5	തൊഴിൽ നികുതി ഈടാക്കിയില്ല	₹48,900/-യുടെ പരാമർശം ഉള്ളതിൽ ₹42,650/- ഈടാക്കി. മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ ₹6,250/- ഈടാക്കാൻ കഴിഞ്ഞിട്ടില്ല.

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹57480380
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹51514151
വരവിനങ്ങളിലുള്ള നഷ്ടം	₹4,050
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2620753

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക(₹)	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
2-1	4050	ശ്രീ. ഷൈജു വർഗീസ്, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	59236	-ടി-
1-14	10,00000	ശ്രീ. ഷൈജു വർഗീസ്, സെക്രട്ടറി
1-15	999958	-ടി-
1-16	16660	-ടി-
1-18	519899	ശ്രീമതി അഞ്ചു ടി വേണു, അസിസ്റ്റന്റ് സെക്രട്ടറി,
1-19	25000	ശ്രീമതി സുജാത എം.യു., അസിസ്റ്റന്റ് സെക്രട്ടറി
ആകെ	2620753	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഷൈജു വർഗീസ്, സെക്രട്ടറി	സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്	മുട്ടംപുറത്ത് കദളിക്കാട് പി.ഒ. മൂവാറ്റുപുഴ
ശ്രീമതി സുജാത എം.യു., അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്	തടത്തിൽ കൃഷ്ണാർപ്പണം, കരിമണ്ണൂർ പി.ഒ. ഇടുക്കി ജില്ല-685581
ശ്രീമതി അഞ്ചു ടി വേണു, അസിസ്റ്റന്റ് സെക്രട്ടറി,	അസിസ്റ്റന്റ് സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്	കൊട്ടാരത്തിൽ നാഗപ്പുഴ പി.ഒ 686668

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ

	വിവരം
2000-01	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(1) തീയതി 24.07.2019
2001-02	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(2) തീയതി 24.07.2019
2002-03	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(3) തീയതി 24.07.2019
2002-03	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(4) തീയതി 24.07.2019
2003-04	എൽ.എഫ്.എം.(പി5)92/07 തീയതി 01.07.2011
2005-06	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(5) തീയതി 24.07.2019
2006-07	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(6) തീയതി 24.07.2019
2007-08	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(7) തീയതി 24.07.2019
2008-09	കെ.എസ്.എ.-ഇ.കെ.എം./പി8/717/18(8) തീയതി 24.07.2019
2009-10	എൽ.എഫ്.ഇ/പി5/1367 തീയതി 15.01.2013
2010-11, 2011-12	കെ.എസ്.എ-ഇ.കെ.എം.(പി8)716/16 തീയതി 16.02.2016
2012-13, 2013-14	എൽ.എഫ്.എ/പി8/1904/14 തീയതി 12.02.2013
2014-15	കെ.എസ്.എ-ഇ.കെ.എം./പി8/1872 തീയതി 23.07.18
2015-16	കെ.എസ്.എ-ഇ.കെ.എം./പി8/1973 തീയതി 23.07.2018
2017-18	കെ.എസ്.എ-ഇ.കെ.എം./പി8/388/19 തീയതി 17.07.2019
2018-19	കെ.എസ്.എ.ഇ.കെ.എം(പി8)284/2020 തീയതി.06.07.2020
2019-20	കെ.എസ്.എ.ഇ.കെ.എം(പി8)1556/2021 തീയതി.06.04.2022
2020-21	കെ.എസ്.എ.ഇ.കെ.എം(പി8)1557/2021 തീയതി.06.04.2022
2021-22	കെ.എസ്.എ.ഇ.കെ.എം(പി8)1763/2022 തീയതി.16.11.2022
2022-23	കെ.എസ്.എ.ഇ.കെ.എം(പി8)1368/2023 തീയതി.02.03.2024
2023-24	കെ.എസ്.എ.ഇ.കെ.എം(പി8) 1477/24 തീയതി 01.11.2024

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 8(1) dated 14-07-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Manjallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Manjallur Grama Panchayat as on 31-03-2025

Date: 12/12/2025

Deputy Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Manjallur Grama Panchayat for the Year 2024-2025 .

1.Major Observations

nil

2.Other Observations

1. Cash Flow statement Net increase - decrease in cash flow do not match with difference between opening balance and closing balance.
2.Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules

2011, rule 62(f)) are not included.
3.Asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Expenditure from Maintenance grant booked under capital expenditure other than revenue expenditure.
5.Total Expenditure related to Finance commission Grant recorded in AFS varies from the sulekha expenditure statement .

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്